शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**512**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-2016

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ്സ് V

സമയം: 2 മണിക്കൂർ

---

**നിർദ്ദേശങ്ങൾ:**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

1. **'മരണമില്ലാത്ത മനുഷ്യൻ' എന്ന കവിതയിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് കോഴിക്കോട് ജില്ലയിലെ മുക്കത്തു നടത്തിയ പ്രസംഗം കവിതയിൽ പ്രതിപാദിക്കുന്നുണ്ടല്ലോ.**

    - മരണമുള്ളവരാണ് മനുഷ്യർ. അതിനാൽ മനുഷ്യരുടെ വാക്കുകളേക്കാൾ ദൈവത്തിന്റെ വചനങ്ങൾക്കു ചെവികൊടുക്കുക.
    - ദൈവവചനം പ്രപഞ്ചത്തിലെ എല്ലാ ചരാചരങ്ങളെയും സ്നേഹിക്കുക എന്നതാണ്.
    - മതത്തിന്റേയോ മറ്റോ പേരിൽ പുലർത്തുന്ന ശത്രുത മാനവരാശിക്കു ദോഷമേ ചെയ്യൂ.

    തുടങ്ങിയവയാണല്ലോ ആ പ്രസംഗത്തിന്റെ പ്രധാന ആശയങ്ങൾ.

    (എ) എങ്കിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ഈ പ്രസംഗം റിപ്പോർട്ട് ചെയ്തു കൊണ്ട് ഒരു പത്രവാർത്ത തയ്യാറാക്കൂ.

    (ബി) പത്രവാർത്തയ്ക്ക് ഉചിതമായ ഒരു ശീർഷകവും നൽകൂ.

2. **"മനുഷ്യനായി കർമ്മഭൂമിയിൽ ജനിച്ചാൽ കർമ്മം ചെയ്യണം. ഇന്നു ഞാൻ ചെയ്യുന്നത് ഒരു കർമ്മമാണ്. അതു വിധിയാണ്. വിധിയുടെ കല്പന മാറ്റാൻ ആരാലും സാധ്യമല്ല. വാരണക്കോട്ടുനിന്നു വന്നതിനു ശേഷം മറ്റു ജീവിതമാർഗമൊന്നും കണ്ടില്ല. ഇങ്ങനെ ഒരുപായമാണ് തോന്നിയത്. അതു വിധികല്പിതമല്ലേ? പന്ത്രണ്ടുകൊല്ലക്കാലം താഴെക്കോട്ടുമനയിൽ ഗുരുനാഥനായ ഈശ്വരമേനോന്റെ കീഴിൽ ഞാൻ അഭ്യാസം നടത്തി. അദ്ദേഹം സന്തുഷ്ടനായി എന്നെ അനുഗ്രഹിച്ചാണ് പറഞ്ഞയച്ചത്. ഈ നാട്ടിലാണെങ്കിൽ കഥകളിയില്ല. കഥകളിയല്ലാതെ മറ്റൊന്നും ഞാൻ പഠിച്ചിട്ടുമില്ല. അപ്പോൾ ജീവിക്കാൻ എന്തെങ്കിലും വേണ്ടേ? തളിപ്പറമ്പിലും വാരണക്കോട്ടും ഞാൻ കഥകളി പഠിപ്പിച്ചു. കുറേ ശിഷ്യൻമാരുണ്ടായി. അവരുടെയും ഗതി മിക്കവാറും ഇതു തന്നെയാണ്. വടക്കേ മലബാറിൽ കഥകളികൊണ്ടു മാത്രം ജീവിക്കുവാൻ പ്രയാസമാണ്. അതാണ് ഇപ്പോൾ ഈ ചായക്കട തുടങ്ങിയിരിക്കുന്നത്."**

    (എ) • കലാമണ്ഡലം കൃഷ്ണൻ നായരുടെ ആത്മകഥയിൽ നിന്നുള്ള ഒരു ഭാഗമാണിത്. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണീ ആത്മകഥ?

    (എ). • അരങ്ങുകാണാത്ത നടൻ
    (ബി) • എന്റെ ജീവിതം അരങ്ങിലും അണിയറയിലും
    (സി) • ഒരച്ഛന്റെ കുറിപ്പുകൾ
    (ഡി) • കണ്ണീരും കിനാവും

---

(ബി) എന്തു സന്ദേശമാണ് ഗുരു ചന്തുപ്പണിക്കർ ഈ വാക്കുകളിലൂടെ നമുക്കു നൽകുന്നത്? കേരളത്തിലെ ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ ഈ സന്ദേശത്തിന്റെ പ്രാധാന്യം വിശദമാക്കി ഒരു കുറിപ്പ് തയ്യാറാക്കു.

3. **'കണ്ടാലറിയാത്തത്' എന്ന പാഠത്തിൽ ശ്രീ നാരായണ ഗുരുവിന്റെ ആലുവയിലേക്കുള്ള ട്രെയിൻ യാത്രയെക്കുറിച്ച് പറയുന്നില്ലേ?**

ഓരോ യാത്രയും വ്യത്യസ്തമായ അനുഭവങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്. കൂട്ടുകാർക്കൊപ്പമോ വീട്ടുകാർക്കൊപ്പമോ യാത്ര ചെയ്തപ്പോൾ എന്തെല്ലാം കാഴ്ചകളും അനുഭവങ്ങളുമാണ് നിങ്ങളെ ആകർഷിച്ചിട്ടുണ്ടാവുക?

(എ) എവിടേക്കായിരുന്നു ആ യാത്ര?
ആരൊക്കെയുണ്ടായിരുന്നു കൂടെ?
എത്ര ദിവസമായിരുന്നു ആ യാത്ര? എല്ലാം വിശദമാക്കി ഒരു യാത്രാവിവരണം തയ്യാറാക്കു.

(ബി) ശേഷം ഉചിതമായ ഒരു ശീർഷകവും നൽകു.

4. **കഥകളി നടൻ കലാമണ്ഡലം കൃഷ്ണൻ നായരുടെ അനുഭവം 'ഗുരുപ്രസാദം' - എന്ന പാഠഭാഗത്തിൽ വായിച്ചില്ലേ?**

കേരളത്തിന്റെ തനതു കലാരൂപമാണ് കഥകളി. ഇതുപോലെ വേറെയും കലാരൂപങ്ങൾ നിങ്ങൾക്ക് പരിചയമില്ലേ?

(എ) പ്രാദേശിക ഉത്സവങ്ങളിലൂടെയോ സ്കൂൾ കലോത്സവങ്ങളിലൂടെയോ നിങ്ങൾക്കു പരിചിതമായ ഏതെങ്കിലും കലാരൂപം ലളിതമായി പരിചയപ്പെടുത്തിക്കൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതു.

(ബി) 'ഗുരുപ്രസാദം' എന്ന പദം രണ്ട് പദങ്ങളാക്കി വേർതിരിച്ചെഴുതുക.

5. **ബുദ്ധനും ഒരു സംഘം ഭിക്ഷുക്കളും ഗ്രാമപാതയിലൂടെ നടന്നു പോകുമ്പോൾ എതിരെ വന്ന ഒരാൾ ബുദ്ധനു നേരെ ഏറ്റവും അശ്ലീലമായ വാക്കുകൾ തുരുതുരാ വർഷിച്ചു. ബുദ്ധൻ ഒന്നുമറിയാത്തവനെപ്പോലെ യാത്ര തുടർന്നു. കുറച്ചു ദൂരം കഴിഞ്ഞപ്പോൾ വഴിയിൽ നേരത്തെ കേട്ട വാക്കുകൾ ബുദ്ധന്റെ മനസ്സിൽ എന്തു പ്രതികരണമാണുണ്ടാക്കിയതെന്ന് ജിജ്ഞാസുവായ ശിഷ്യൻ ഗുരുവിനോടാരാഞ്ഞു. ബുദ്ധൻ ചിരിച്ചു കൊണ്ടു പറഞ്ഞു. "ഒരു കഥ കേൾക്കണോ? വഴിയിലൂടെ ഒറ്റക്കു നടന്നു പോകുന്ന ഒരാളുടെ അടുത്തേക്ക് മറ്റൊരാൾ ഓടി വന്ന് ഒരു പൊതി വെച്ചു നീട്ടി. വൃത്തിയുള്ള പൊതിക്കകത്ത് കെട്ടുനാറുന്ന മലിനവസ്തുക്കളും അഴുകിയ പദാർത്ഥങ്ങളുമാണുള്ളത്. വഴിപോക്കൻ അതു വാങ്ങാതെ കടന്നു പോയി. അപ്പോൾ ആ പൊതി ആരുടെ കയ്യിലാണുണ്ടാവുക?"**

ശിഷ്യൻ പറഞ്ഞു: "അതു കൊണ്ടുവന്ന ആളുടെ കയ്യിൽ തന്നെ" "ശരി" ബുദ്ധൻ തുടർന്നു ചോദിച്ചു. "അങ്ങനെയാണെങ്കിൽ ഒരാൾ നിങ്ങളുടെ നേരെ ചീത്തവിളിച്ചാലും നിങ്ങൾ നിങ്ങളുടെ മനസ്സിലേക്കെടുക്കുന്നില്ലെങ്കിൽ അതെവിടുണ്ടാകും?"
"അതു പറഞ്ഞ ആളുടെ കയ്യിൽ തന്നെ!"
ബുദ്ധൻ പുഞ്ചിരിച്ചു. ശിഷ്യനും !

(എ) കഥ വായിച്ചില്ലേ? കഥ നൽകുന്ന സന്ദേശം ഒറ്റവാക്യത്തിൽ എഴുതാമോ?

(ബി) കഥയുടെ ഒതുക്കം, കഥ നൽകുന്ന സന്ദേശത്തിന്റെ പ്രസക്തി കഥാപാത്രങ്ങൾ എന്നിവയെല്ലാം പരിഗണിച്ച് കഥക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കു.